# പശ്ചിമഘട്ട രക്ഷായാത്ര

ദക്ഷിണേന്ത്യയുടെ ജീവനാഡിയായ പശ്ചിമഘട്ടം സംരക്ഷിക്കുന്നതിനായി മഹാരാഷ്ട്ര, കർണ്ണാടക, ഗോവ, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളിലെ ഒരുകൂട്ടം പരിസ്ഥിതി സ്നേഹികൾ പശ്ചിമഘട്ടത്തിലെ വനാന്തരങ്ങളിലൂടെ കാൽനടയായി നടത്തിയ പശ്ചിമഘട്ട രക്ഷായാത്രയുടെ 25-ാം വാർഷികം 2012 നവംബർ ഒന്നിന് പിന്നിട്ടിരിക്കുന്നു. രണ്ട് സംഘങ്ങളായി, 1987 നവംബർ ഒന്നിന് തെക്ക് കന്യാകുമാരിയിൽ നിന്നും വടക്ക് നവാപൂരിൽ നിന്നും ഒരേ സമയം തുടങ്ങിയ യാത്ര 1988 ഫെബ്രുവരി 2ന് ഗോവയിലെ രാംനാഥിൽ സംഗമിച്ചു. എന്തായിരുന്നു യാത്രയുടെ പശ്ചാത്തലം? പശ്ചിമഘട്ട സംരക്ഷണ പ്രവർത്തനങ്ങളിൽ പുത്തനുണർവുണ്ടാക്കിയ യാത്രയുടെ തുടർച്ചകൾ എന്തായിരുന്നു?

**എ. മോഹൻകുമാർ**

**പശ്ചിമഘട്ട** രക്ഷായാത്രയുടെ ദക്ഷിണ മേഖലയുടെ പ്രവർത്തനങ്ങൾ തൃശൂരിൽ വച്ചായിരുന്നു ഏകോപിപ്പിച്ചിരുന്നത്. ‘സഹ്യാദ്രി’ എന്നൊരു ചെറു പരിസ്ഥിതി സംഘം ആയിരുന്നു നൂറു ദിവസം നീണ്ടുനിന്ന നാലു സംസ്ഥാനങ്ങളിലെ പശ്ചിമഘട്ട മേഖലകളിലൂടെയുള്ള കാൽനടയാത്രയ്ക്ക് മുന്നൊരുക്കങ്ങൾ നടത്തിയത്. യാത്രയുടെ രജത ജൂബിലിയും തൃശൂരിൽ വച്ചായത് ആകസ്മികമായിരുന്നു. തൃശൂരിലെ ബദൽ സാംസ്കാരിക പ്രവർത്തനങ്ങളുടെ കേന്ദ്രമായിരുന്നത് വാഞ്ചി ലോഡ്ജിന്റെ 16-ാം നമ്പർ മുറി ആയിരുന്നു. കെ.എസ്.ആർ.ടി.സി ബസ്സ്റ്റാൻഡിനോടു ചേർന്നുണ്ടായിരുന്ന ആ മൂന്നുനില കെട്ടിടം ഇടിച്ചു നിരത്തി റോഡാക്കി മാറ്റി. എഴുപതുകൾ മുതൽ തൊണ്ണൂറുകളുടെ അന്ത്യം വരെ ആ മുറിയിൽ വന്നുപോയ കവികൾ, മാധ്യമ പ്രവർത്തകർ, കലാകാരന്മാർ പരിസ്ഥിതി പ്രവർത്തകർ, ചിന്തകന്മാർ, വിപ്ലവകാരികൾ, സാധാരണക്കാർ എന്നിവർക്ക് കയ്യും കണക്കുമില്ല. ജനകീയ സംസ്കാരിക വേദിയുടെ ആസ്ഥാനം പ്രേരണ, വാക്ക്, വർത്തമാനം, പാഠഭേദം തുടങ്ങിയ ബദൽ പ്രസിദ്ധീകരണങ്ങളുടെ ഓഫീസ്. സഹ്യാദ്രി, ചേതന, ജനാരോഗ്യ, മാനസ്സി പ്രതികരണ സംഘം എന്നിവയുടെ എല്ലാം കേന്ദ്രം.

സാംസ്കാരിക വേദിയുടെ പിരിച്ചുവിടലിനു ശേഷം വ്യത്യസ്ത നിലപാടുകളുള്ള യുവജനങ്ങളെ ഒന്നിച്ചുകൊണ്ടു വരുവാനും മാനവിക - പാരിസ്ഥിതിക പ്രശ്നങ്ങളിൽ യോജിച്ചു പ്രവർത്തിക്കുവാനുമുള്ള ശ്രമങ്ങളാണുണ്ടായത്. പരിസ്ഥിതി മുഖ്യ വിഷയമായി ഏറ്റെടുത്തുകൊണ്ടും ജനവിരുദ്ധമായ കച്ചവടതാല്പര്യങ്ങൾക്കെതിരെ പോരാടുവാനും തീരുമാനിക്കുന്നത് സാംസ്കാരിക വേദിയുടെ അവസാന സംസ്ഥാന സമ്മേളനത്തിലായിരുന്നു. പയ്യന്നൂരിൽ വച്ചു നടന്ന പ്രസ്തുത സമ്മേളനത്തിൽ ഗാന്ധിയന്മാരും സോഷ്യലിസ്റ്റുകളും പരിസ്ഥിതി പ്രവർത്തകരും ഒന്നിച്ചിരുന്ന് ഭാവി പരിപാടികളെക്കുറിച്ച് ആലോചിക്കുകയുണ്ടായി. അതിനെ തുടർന്നാണ് തൃശൂരിൽ ‘യൂത്ത് ഫോർ ജസ്റ്റിസ്’ എന്ന കൂട്ടായ്മ രൂപപ്പെടുന്നത്. സാംസ്കാരിക വേദി പ്രവർത്തകരെ കൂടാതെ, യുവ ഗാന്ധിയന്മാർ, സോഷ്യ

## കേരളത്തിൽ പിന്നീട് എന്താണ് നടന്നത്?

ലിസ്റ്റുകൾ, സിമി, എസ്.ഐ.ഒ, ആർ.എസ്.എസ് തുടങ്ങിയവയുടെ പ്രവർത്തകരും പരിപാടിയിൽ ഭാഗഭാക്കായിരുന്നു. പ്രൊഫ. ജി. കുമാരപിള്ള, ഡോ. സതീഷ് ചന്ദ്രൻ, ഡോ. ശാന്തി എന്നിവർ വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുകയുണ്ടായി. സ്ത്രീ ശരീരത്തെ കമ്പോള വസ്തുവാക്കിയുള്ള കാബറേ വിരുദ്ധ സമരം ഈ കൂട്ടായ്മയുടെ മുൻകൈയിലായിരുന്നു. യൂത്ത് ഫോർ ജസ്റ്റിസ് കൺവെൻഷൻ പുറത്തിറക്കിയ 'ദൗത്യം' എന്ന സുവനീർ പാരിസ്ഥിതികാവബോധമുണ്ടാക്കുവാനും ബദൽ രാഷ്ട്രീയത്തിന്റെ അന്വേഷണം ആരംഭിക്കുവാനും ദിശാബോധം നൽകുന്ന ലേഖനങ്ങളുടെ സമാഹാരമായിരുന്നു.

'പ്രേരണ'യുടെ പ്രസിദ്ധീകരണം തുടർന്നുപോകുവാൻ സാങ്കേതി ബുദ്ധിമുട്ടുകൾ നേരിട്ടപ്പോൾ പുതിയ ദിശയിലേക്കുള്ള അന്വേഷണത്തിനായി മറ്റൊരു പ്രസിദ്ധീകരണം ആവശ്യമായി തോന്നി. 'വർത്തമാനം' എന്ന ബുള്ളറ്റിൻ അങ്ങിനെ ഇറങ്ങിയതാണ്. പിന്നീട് പി.എൻ. ഉണ്ണികൃഷ്ണൻ, ഡോ. വിജയൻ, ജോൺ ചാലക്കൽ, വടക്കേടത്തു പത്മനാഭൻ, പി. നാരായണമേനോൻ, കെ.അരവിന്ദാക്ഷൻ, പൂനം റഹീം, വി.ജി. തമ്പി, സിവിക് ചന്ദ്രൻ, എ. മോഹൻകുമാർ എന്നിവർ അടങ്ങിയ പ്രസിദ്ധീകരണ സമിതിയുടെ മുൻകൈയ്യിൽ 'വാക്ക്' മാസിക ആരംഭിച്ചു. ജനകീയ പ്രതിരോധ പ്രവർത്തനങ്ങളുടെ ജിഹ്വയായിരുന്നു വാക്ക്. ഈ ഘട്ടത്തിൽ തൃശൂരിലെ പ്രവർത്തനങ്ങളുടെ അനുരണനങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലും ഉണ്ടായി. പരിസ്ഥിതി, ജനകീയാരോഗ്യം സ്ത്രീ വിമോചനം, ബദൽ ജീവിതരീതി തുടങ്ങിയ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് നിരവധി ചർച്ചകളും ക്യാമ്പുകളും സംഘടിപ്പിക്കപ്പെട്ടു. അരിയന്നൂരിൽ നടന്ന അടിസ്ഥാനതല പ്രവർത്തകരുടെ കൂടിച്ചേരൽ അത്തരത്തിൽ ആദ്യത്തേതായിരുന്നു. കോവിലൻ അദ്ധ്യക്ഷനായിരുന്ന പരിപാടിക്ക് പി. നാരായണ മേനോൻ നേതൃത്വം നൽകി. കൂടിച്ചേരലിൽ കേരളത്തിന്റെ പലഭാഗങ്ങളിൽ നിന്നും വന്നവരെ കൂടാതെ ദക്ഷിണേന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ആക്ടിവിസ്റ്റ് സംഘങ്ങൾ എത്തിയിരുന്നു. തുടർന്ന് പത്തനംതിട്ടയിലും അരിയന്നൂരിലും അട്ടപ്പാടിയിലും വയനാട്ടിലെ മുത്തങ്ങയിലും പയ്യന്നൂരിലെ കോറോത്തും ക്യാമ്പുകൾ നടന്നു. മുത്തങ്ങ ക്യാമ്പിലെ തീരുമാന പ്രകാരം സാമൂഹ്യവനവത്കരണത്തിന്റെ സാമൂഹ്യ വിരുദ്ധത തുറന്നു കാട്ടുവാനുള്ള പ്രവർത്തനങ്ങൾ നടന്നു, സി. ശരത്ചന്ദ്രനും ലേഖകനും ചേർന്ന് നാടിന്റെ പലഭാഗത്ത് നടന്നിരുന്ന അതിക്രമങ്ങളെ കുറിച്ചുള്ള ചിത്രങ്ങൾ കേരളത്തിലുടനീളം കൊണ്ടു നടന്ന് പ്രദർശിപ്പിച്ചു.

കേരളത്തിന്റെ പാരിസ്ഥിതികാവസ്ഥയെ മനസ്സിലാക്കുവാൻ ഞങ്ങൾക്കു കഴിഞ്ഞത് ഇത്തരം യാത്രകളിലൂടെയായിരുന്നു. ജനങ്ങളുടെ പേരിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കരാറുകാരും കങ്കാണിമാരും കൂടി നടത്തുന്ന ചൂഷണത്തിന്റെ ഏകദേശ രൂപം തെളിഞ്ഞു വന്നത് അപ്പോഴായിരുന്നു. നൂറുകണക്കിനു ഏക്കർ പശ്ചിമഘട്ടത്തിൽ കയ്യടക്കിയ വിവിധ ക്രൈസ്തവ സഭകൾ, ക്വാറി ഉടമകൾ, പ്ലാന്റർമാർ എന്നിവർക്കെല്ലാം അധികാരത്തിന്റെ പിൻബലമുണ്ടായിരുന്നു. കയ്യേറ്റഭൂമി മാറി മാറി മാറി വരുന്ന സർക്കാരുകൾ പട്ടയദാന മഹോത്സവ വേദിയാക്കി ആഘോഷിക്കുമ്പോഴും പരമ്പരാഗത കൈവശാവകാശികളായ അതിസൂക്ഷ്മ ന്യൂനപക്ഷങ്ങളെ കുടിയിറക്കികൊണ്ടിരുന്നു. അവരെ നാഗരികരാക്കുകയാണത്രെ!

പശ്ചിമഘട്ട രക്ഷായാത്രയുടെ 25-ാം വാർഷികം ആചരിക്കുമ്പോൾ അത്തരം യാത്രയ്ക്കും നേതൃത്വം കൊടുക്കേണ്ടി വന്ന ഒരാൾ എന്ന നിലയിൽ യാത്രികരും പൊതുജനവും അറിയാത്ത ഏറെ വീർപ്പുമുട്ടലുകൾ ഉള്ളിലൊതുക്കുകയാണ്. നാം യാത്ര കഴിഞ്ഞ് എന്താണിത്രനാൾ ചെയ്തത് എന്ന് ഓരോ യാത്രികരോടും ചോദിക്കുവാനായിട്ടായിരുന്നു ഈ കൂടിച്ചേരലിന് വേദിയൊരുക്കിയത്. കർണ്ണാടകത്തിലും തമിഴകത്തും ഗോവയിലും മഹാരാഷ്ട്രയിലും എല്ലാം ഒട്ടേറെ കാര്യങ്ങൾ പരിസ്ഥിതി പ്രവർത്തകരുടെ മുൻകൈയ്യിൽ പശ്ചിമഘട്ട മേഖലയുടെ പുനരുജ്ജീവനത്തിനായി ചെയ്യുകയുണ്ടായി. എന്നാൽ കേരളത്തിൽ അത്തരത്തിലുള്ള കാര്യമായ ശ്രമങ്ങൾ എന്താണുണ്ടായത്? നമ്മുടെ കാടുകൾ ബാക്കിനില്ക്കുന്നുവെങ്കിൽ അവ വന്യജീവിസങ്കേതങ്ങളോ, ദേശീയോദ്യാനങ്ങളൊക്കെ ആയതുകൊണ്ടുമാത്രമാണ്. ജനകീയമായി കാര്യമായി നാം ഒന്നും ചെയ്യുന്നില്ല. പരിസ്ഥിതി രംഗം മൊത്തത്തിൽ എൻ.ജി.ഒവൽക്കരണത്തിന് വിധേയമായിക്കഴിഞ്ഞു. സർക്കാറും സർക്കാർ ഇതര സംഘടനകളും ചേർന്ന് നടത്തുന്ന പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം തുലോം കുറവായിരിക്കും. അധികവും ഫണ്ടു ചിലവാക്കുന്നതിനുള്ള ഉത്സാഹമാണ് കണ്ടുവരുന്നത്. കരാർ പണികളാണ് ജനകീയ പങ്കാളിത്തത്തിന്റെ പേരിൽ നടക്കുന്നത്. സാമൂഹ്യവനവൽക്കരണമെന്ന പേരിലല്ലെങ്കിലും അക്കേഷ്യയും ചാവോക്കും വാറ്റിലുമെല്ലാം നട്ടുപിടിപ്പിക്കുന്നതിലാണ് വനംവകുപ്പിനും താല്പര്യം. സ്വാഭാവികമായി വനം വളരുവാൻ കാട്ടുതീ തടയുകയും കയ്യേറ്റം ഒഴിവാക്കുകയും ചെയ്താൽ മതിയെന്നിരിക്കെയാണ് ധൂർത്തിന്റെ ഏകവിള പരീക്ഷണങ്ങൾ.

നമ്മുടെ കാടുകൾ ബാക്കിനില്ക്കുന്നുവെങ്കിൽ അവ വന്യജീവിസങ്കേതങ്ങളോ, ദേശീയോദ്യാനങ്ങളൊക്കെ ആയതുകൊണ്ടു മാത്രമാണ്. ജനകീയമായി കാര്യമായി നാം ഒന്നും ചെയ്യുന്നില്ല. പരിസ്ഥിതി രംഗം മൊത്തത്തിൽ എൻ.ജി.ഒവൽക്കരണത്തിന് വിധേയമായിക്കഴിഞ്ഞു.

പശ്ചിമഘട്ട രക്ഷായാത്രവേളയിൽ വിനോദ സഞ്ചാരത്തെ, 'വരൂ ദൈവത്തിന്റെ നാട്ടിലേക്ക്' എന്ന് വിളിച്ചു കൂവി വരുത്തുവാൻ ശ്രമിക്കുകയേ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ വനമേഖലക്കും തീരപ്രദേശങ്ങളും കായലുകളും എല്ലാം ഹോട്ടൽ വ്യവസായികൾ കയ്യടക്കിക്കഴിഞ്ഞു.


പശ്ചിമഘട്ട രക്ഷായാത്ര കേരളത്തിലെത്തി

സ്വന്തം ലേഖകൻ

യാത്രാ സംഘം അച്ചൻകോവിലിലൂടെ കേരളത്തിൽ പ്രവേശച്ചതിന്റെ പത്രവാർത്ത

വേമ്പനാട്ടു കായലിലും പുന്നമടയിലും മാത്രമായി ആയിരത്തിലധികം കെട്ടുവള്ളങ്ങളാണുള്ളത്. നൂറോളം ശിക്കാരകളും സ്വകാര്യബോട്ടുകളും മോട്ടോർ ഘടിപ്പിച്ച തോണികളും എണ്ണമറ്റതോതിൽ. ഒരുകാർ ഒരു ദിവസം പുറത്തുവിടുന്ന കാർബൺ ഡൈ ഓക്സൈഡ് ആഗിരണം ചെയ്യുവാൻ 152 വൃക്ഷങ്ങൾ വേണമെന്ന് നോർവീജിയൻ പരിസ്ഥിതി ശാസ്ത്രജ്ഞനായ ഒലാ മാത്യൂസ് ജോഹാൻസെൻ പറയുന്നു. ഒരു കെട്ടുവള്ളം അന്തരീക്ഷ മലിനീകരണത്തിനു പുറമേ ജലമലിനീകരണവും സാംസ്കാരിക മലിനീകരണവും കൂടെയാണ് നടത്തുന്നത്. പുന്നമട കായലിലെ പുറം ബണ്ടുകളിൽ ജീവിക്കുന്ന സാധുക്കൾക്കിന്ന് സ്വകാര്യതയേ നഷ്ടപ്പെട്ടിരിക്കുന്നു. അവർ കളിക്കുകയും നനക്കുകയും മീൻ പിടിക്കുകയും ചെയ്തിരുന്ന വെള്ളം ഇന്ന് കറുത്തു കാളകൂടം ആയിക്കൊണ്ടിരിക്കുന്നു. പമ്പാനദി കഴുകികൊണ്ടു വരുന്ന 'ശബരിമലം' വേറെയും. കെട്ടിടങ്ങൾ എല്ലാ നിമയങ്ങളും കാറ്റിൽ പറത്തി കായലോരത്തും കടൽത്തീരത്തും പണിതുയർത്തുന്നു. പല ഹോട്ടൽ വ്യവസായങ്ങളിലെയും പങ്കാളികൾ നമ്മുടെ നിയമസഭാ സമജാരികരോ, പാർട്ടി നേതാക്കളോ ആണ്.

## എന്തുകൊണ്ട് ചണ്ഡീപ്രസാദ്?

പശ്ചിമഘട്ട രക്ഷായാത്ര ആരംഭിക്കുമ്പോൾ ഈ ലേഖകൻ ഉൾപ്പെടയുള്ള മലയാളികൾ അറിയുന്നത് ചിപ്ക്കോ പ്രസ്ഥാനം ഉണ്ടാക്കിയത് സുന്ദർലാൽ ബഹുഗുണ എന്ന മഹാൻ ആണ് എന്നായിരുന്നു. നമ്മുടെ പാഠപുസ്തകങ്ങളും ക്വിസ് മാഷുമ്മാരും കുട്ടികളെ പഠിപ്പിച്ചിരിക്കുന്നത് അങ്ങിനെതന്നെ ആയിരുന്നു. പരിസ്ഥിതി രംഗത്തുള്ള ശുദ്ധാത്മാക്കളും നിരന്തരമായി അദ്ദേഹത്തിന്റെ അപദാനങ്ങൾ വാഴ്ത്തിക്കൊണ്ടിരുന്നു. മാധ്യമ ശ്രദ്ധ പിടിച്ചുപറ്റാൻ ടിയാനും ചില പൊടിക്കൈകൾ പ്രയോഗിച്ചിരുന്നു. ഉപവാസം അത്തരം ഒരു മാർഗ്ഗമായിരുന്നു. ചിപ്ക്കോയുടെ വസ്തുതകൾ അറിയുമായിരുന്ന ഉത്തര മേഖല യാത്രക്കാർ ചണ്ഡീപ്രസാദ് ഭട്ട് എന്ന, മലയാളികൾക്ക് അന്യനെങ്കിലും ചിപ്ക്കോയുടെ യഥാർത്ഥ ജനയിതാവിനെയാണ് നവാപ്പൂർ മാർച്ച് ഉദ്ഘാടനത്തിന് ക്ഷണിച്ചത്. അദ്ദേഹം ക്ഷണം സ്വീകരിച്ച് എത്തുകയും മൂന്ന് ദിവസം യാത്രികരോടൊപ്പം നടക്കുകയും ചെയ്തു. ദക്ഷിണയാത്രയുടെ കോ-ഓർഡിനേറ്റർ ക്ഷണിച്ചത് സുന്ദർലാൽജിയെ ആയിരുന്നു. തലേദിവസം അദ്ദേഹം വരുന്നില്ലെന്ന് അറിയിച്ചു. സർക്കാരിന്റെ പരിസ്ഥിതി വകുപ്പിന്റെ സഹായത്തോടെ നടത്തുന്ന യാത്ര ആയതിനാലാണ് അത് എന്നതിനാൽ സഹതാപം അർഹിക്കുന്നില്ല എന്നൊരു പ്രസ്താവന ഇറക്കുവാൻ പാവം ഹിമാലയത്തിൽ നിന്നും കേരളത്തിലേക്ക് ഇറങ്ങിവരുകയും ചെയ്തു. ഏതായാലും തമിഴകത്തിന്റെ പ്രിയങ്കരനായ സ്വാതന്ത്ര്യ സമര പോരാളി സി.പി. ഇളങ്കോ കൈമാറിയ പതാകയുമേന്തിയാണ് കന്യാകുമാരിയിൽ നിന്നും രക്ഷായാത്ര പുറപ്പെട്ടത്. സുന്ദർലാൽജി വരുന്നില്ലെങ്കിൽ സംസ്ഥാന കോർഡിനേറ്റർ ആയിരിക്കുന്നത് ശരിയല്ല എന്ന് ഡോ. ഗംഗാധരനും തീരുമാനിക്കുന്നു. മറ്റൊരു കോർഡിനേറ്റർ ആയ സിവിക് ചന്ദ്രനോടു പോലും ആലോചിക്കാതെയാണ് ചരിത്രകാരൻ ഇത്തരം ഒരു ചരിത്രം രചിച്ചത്. കേരളത്തിലെത്തുമ്പോൾ ദക്ഷിണ മേഖല കോർഡിനേറ്റർ ഞെട്ടിപ്പോയി. അതിർത്തിയിൽ സ്വീകരിക്കാൻ ആരും ഉണ്ടായില്ല. എന്നതുപോകട്ടെ, യാത്രികരുടെ താമസമോ, ഭക്ഷണമോ ഏർപ്പാടു ചെയ്യാൻ പോലും ആരും ഉണ്ടായില്ല. കോരിച്ചൊരിയുന്ന മഴയിൽ തണുത്തു വിറങ്ങലിച്ച് അച്ചൻകോവിലിൽ കഴിച്ചു കൂട്ടിയത്, ദരിദ്രരെങ്കിലും മഹാ മനസ്കതയുള്ള, കാടുവെട്ടി ജീവിക്കുന്ന തൊഴിലാളികളുടെ ഔദാര്യം ഒന്നു കൊണ്ടു മാത്രമായിരുന്നു. കോ-ഓർഡിനേറ്റർ രാജിവെച്ചാൽ മാർച്ച് നിർത്തിവച്ചേക്കുമെന്നു കരുതിയാണ് പ്രാദേശിക സംഘാടകൻ യാതൊന്നും ഏർപ്പെടാതിരിക്കുന്നത്! ആദ്യമായി നമ്മൾ ആദരിക്കുന്ന കുറേ വ്യക്തിത്വങ്ങളിലുള്ള ബഹുമാനം നഷ്ടപ്പെടുന്നു. സഹയാത്രികരുടെ അസഹിഷ്ണുത പല അവസരത്തിലും പ്രശ്നങ്ങൾ ഉണ്ടാക്കി. ഒന്നും അറിഞ്ഞു കൂടാത്തവർ ഒരു യാത്രയിൽ നിന്നു പഠിക്കുവാനുള്ള അവസരം പരമാവധി പ്രയോജനപ്പെടുത്തുക എന്നതിനേക്കാൾ തങ്ങളുടെ വ്യക്തിസത്തയുടെ യാഥാർത്ഥ്യം പുറത്തിറക്കി മറ്റുള്ളവരെ അറിയിക്കുക എന്നതിലായിരുന്നു പലരുടെയും ശ്രദ്ധ. അതുപോകട്ടെ, അറിവിന്റെ പരിമിതിയായിരിക്കാം എന്നു കരുതാം. പക്ഷെ, 25 വർഷം കഴിഞ്ഞും തങ്ങൾ ചെയ്തതൊക്കെ ശരിയായിരുന്നുവെന്ന് വിളിച്ചു പറയുന്നതുകേൾക്കുമ്പോൾ ഒന്നും പഠിപ്പിച്ചില്ല എന്നുതന്നെ മനസ്സിലാക്കണം.

1964ൽ ദശോലി ഗ്രാമ സ്വരാജ്യമണ്ഡൽ (ഡി.ജി.എസ്.എം) രൂപീകരിച്ചുകൊണ്ട് ഗാന്ധിയൻ ആശയങ്ങളിൽ അടിയുറച്ചു വിശ്വസിച്ചിരുന്ന, കാര്യമായി വിദ്യാഭ്യാസമൊന്നും ലഭിച്ചിട്ടില്ലാത്ത ആളായിരുന്നു ചണ്ഡീപ്രസാദ് ഭട്ട്. ജയപ്രകാശ് നാരായണിന്റെയും വിനോബയുടേയും പ്രവർത്തനങ്ങൾ അദ്ദേഹത്തെ ചെറുപ്പത്തിൽ തന്നെ ആകർഷിച്ചിരുന്നു. സ്വരാജ്യമണ്ഡൽ രൂപീകരിക്കും മുമ്പു തന്നെ തന്റെ സംഘാടക പാടവത്തിലൂടെ വദ്യാഭ്യാസം കു

റഞ്ഞ പ്രത്യേക പരിശീലനം ലഭിക്കാത്തവരുമായ തൊഴിലില്ലാത്തവരെ സംഘടിപ്പിച്ച് അവർക്ക് സ്വന്തം കാലിൽ നിൽക്കുവാനുള്ള പ്രാപ്തിയുണ്ടാക്കി കൊടുക്കുവാൻ ഭട്ടിന് കഴഞ്ഞിരുന്നു.

അറുപതുകളിൽ നടന്ന ഇന്തോ–ചീന യുദ്ധം, അതിർത്തി കടന്ന് തിബറ്റിൽ നിന്നും വന്നിരുന്ന കമ്പിളിരോമത്തിന്റെയും ഭക്ഷ്യവസ്തുക്കളുടെയും ലഭ്യത ഇല്ലാതാക്കിയതാണ് ചമോലിയിലെ ജനജീവിതം ദുസ്സഹമാക്കിയത്. 1966ൽ മദ്യത്തിനെതരായി ഡി.ജി.എസ്.എം നടത്തിയ വമ്പൻ പ്രവർത്തനം വിജയം കണ്ടത് ചണ്ഡീപ്രസാദിനും കൂട്ടർക്കും കൂടുതൽ ആത്മവിശ്വാസം നേടി കൊടുത്തു. സ്ത്രീകളുടെ മുൻകൈ വളർത്തുന്നതിൽ തുടക്കത്തിൽ തന്നെ വിജയം വരിച്ചതാണ് പിൽക്കാലത്ത് 'അംഗ്വാൽത്ത' പ്രസ്ഥാനത്തെ ചിപ്ക്കോ ആയി പരിണമിപ്പിച്ചത്. സ്വരാജ്യമണ്ഡൽ പ്രവർത്തക ശ്യാമദേവി ഇന്ത്യൻ രാഷ്ട്രപതിയെ നേരിട്ടുകണ്ടാണ് മദ്യനിരോധനം ആവശ്യപ്പെട്ടത്. പിന്നീട്, ഉത്തർപ്രദേശ് സർക്കാർ പർവ്വത ജില്ലകളിൽ പരിപൂർണ്ണ മദ്യനിരോധനം നടപ്പിലാക്കി.

1960–70 കാലഘട്ടത്തിൽ നടത്തിയ വനനശീകരണമാണ് ഗംഗയുടെ പോഷകനദിയായ അളകനന്ദയിൽ വെള്ളപ്പൊക്കമുണ്ടാക്കിയത് എന്ന തിരിച്ചറിവ് നേടുന്നതിൽ ഗ്രാമീണരെ പ്രാപ്തരാക്കിയടത്ത് നിന്നുമാണ് വനനശീകരണത്തിനെതിരായി റാണേ ഗ്രാമത്തിൽ ഗൗരാദേവിയുടെ നേതൃത്വത്തിൽ 45 ദിവസം നീണ്ടുനിന്ന സമരം നടക്കുന്നത്. 1973ൽ മണ്ഡൽ ഗ്രാമത്തിലും രാപൂരിയിലും നടന്ന ക്ലിയർഫെല്ലിംഗിനെതിരെയാണ് ചിപ്കോ തുടങ്ങിയത്. 1974ൽ പാപ്പരിയാന ഗ്രാമത്തിൽ ഗ്രാമീണരുടെ മുൻകൈയിൽ വൃക്ഷതൈകൾ നട്ടുപിടിപ്പിക്കാനുള്ള ക്യാമ്പ് ഡി.ജി.എസ്.എം അംഗമായ മുരാരിലാലിന്റെ നേതൃത്വത്തിൽ തുടങ്ങി. വനനശീകരണം തടഞ്ഞുകൊണ്ട് ഉത്തരപ്രദേശ് സർക്കാറിനെക്കൊണ്ട് ഉത്തരവിറക്കിക്കുവാനും ഭട്ടിന്റെ നേതൃത്വത്തിന് കഴിഞ്ഞു.

ഓരോ പ്രശ്നങ്ങളെയും മനസ്സിലാക്കുകയും ഗ്രാമീണരെ അവയ്ക്കെതിരെ ജാഗ്രത്താക്കുകയും അവർതന്നെ പ്രശ്നത്തിനു പരിഹാരം കണ്ടെത്തുന്നതിലേക്ക് എത്തിച്ചേരുവാൻ സഹായിക്കുകയുമാണ് ചണ്ഡീപ്രസാദ് ഭട്ടിന്റെയും കൂട്ടാളികളുടേയും പ്രവർത്തന ശൈലി. ഈ പ്രവർത്തനങ്ങൾ കണ്ടുപഠിക്കുവാൻ ആദ്യ കാലത്ത് എത്തിയ എഴുത്തുകാരും സാമൂഹ്യ പ്രവർത്തകരും ശാസ്ത്രജ്ഞരും ആണ് ചിപ്ക്കോ പ്രസ്ഥാനത്തെ അളകനന്ദാതടത്തിൽ നിന്നും ലോകം മുഴുവൻ പടർത്തിയത്. പ്രമുഖ ഗാന്ധിയനായ അനുപംമിശ്ര, ഡോ. മാധവ് ഗാഡ്ഗിൽ, ഡോ. സുലോചന ഗാഡ്ഗിൽ, രമേശ് പഹാഡി, റാവുഫ് ആലി, ഡോ. എം.എസ്. സ്വാമിനാഥൻ, പ്രൊഫ. എം.ജി.കെ മേനോൻ, ഡോ. വീരേന്ദ്രകുമാർ (ആസൂത്രക മ്മീഷൻ ഉപദേശക സമിതി), ജെ.എം. ലിംഗ്ദോ (കൃഷി വകുപ്പ് സെക്രട്ടറി) തുടങ്ങിയ നിരവധിപേർക്ക് 'ഇക്കോ ഡെവലപ്മെന്റ്' എന്താണ് എന്ന് മനസിലാക്കിയത് ചമോലിയിലെ ക്യാമ്പുകളിൽ നിന്നാണ്. അഹമ്മദാബാദിലെ സ്പേസ് ആപ്ലിക്കേഷൻ സെന്റർ ഡി.ജി.എസ്.എം പ്രവർത്തന മേഖലയുടെ ശാസ്ത്രീയ പഠനങ്ങൾ നടത്തുകയുണ്ടായി. 1972 – 92 കാലഘട്ടത്തിനുള്ളിൽ ജന



എ. മോഹൻകുമാർ. യാത്രയെക്കുറിച്ച് സി. ശരത്ചന്ദ്രൻ നിർമ്മിച്ച ഡോക്യുമെന്ററിയിൽ നിന്നും

സംഖ്യയുടെ സമ്മർദ്ദം കൂടിയിട്ടും വനമേഖലയുടെ വ്യാപ്തി 5113 ഹെക്ടർ ആയി വർദ്ധിപ്പിച്ചതായും തരിശുഭൂമി 3896 ഹെക്ടറിൽ നിന്നും 1525 ഹെക്ടറായി കുറഞ്ഞതായും അവർ സാക്ഷ്യപ്പെടുത്തുന്നു. ഇതോടെ ആ പ്രദേശത്തെ ജനങ്ങളുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുകയും ചെയ്തു. കൃഷി സ്ഥലത്തിനടുത്തേക്ക് വനഭൂമി വന്നപ്പോൾ ജലലഭ്യത, പച്ചിലവളം, കാലിത്തീറ്റ, വിറക് എന്നിവ ശേഖരിക്കുവാൻ ദൂരേക്ക് പോകേണ്ടാത്ത അവസ്ഥയുണ്ടായി. ഇത് ഗ്രാമീണ സ്ത്രീകളുടെ ആരോഗ്യവും മണ്ണിന്റെ പുഷ്ടിയും മെച്ചപ്പെടുത്തി.

ഏതാണ്ട് അഞ്ചു ദശാബ്ദത്തോളം ഹിമാലയത്തിന്റെ ദുർഘടമായ മലനിരകളിൽ കർമ്മനിർത്താനായിരുന്ന ചണ്ഡീപ്രസാദ് ഭട്ടിനെ കേരളത്തിലെ പരിസ്ഥിതി സംരക്ഷണ പ്രവർത്തകർക്ക് അടുത്തറിയുവാൻ അവസരം നൽകുക എന്നതായിരുന്നു അദ്ദേഹത്തെ കേരളത്തിലേക്ക് ക്ഷണിച്ചതിന്റെ പിന്നിലുള്ള സദുദ്ദേശം. വനം ഗ്രാമത്തിലേക്ക് വരുമ്പോൾ ഗ്രാമത്തിന്റെ ഐശ്വര്യം വർദ്ധിക്കുന്നു, ഗ്രാമത്തിൽ നിന്നകലുമ്പോൾ ദാരിദ്ര്യവും വർദ്ധിക്കുന്നു എന്നതാണ് ഹിമാലയൻ പാഠം.

ഒരുപക്ഷെ ചിപ്കോ പ്രസ്ഥാനം കേവലം മരം കെട്ടിപ്പിടിച്ചു നിൽക്കുന്ന ഒരു മിത്തല്ല എന്നും അത് ജനങ്ങളുടെ സമഗ്രമായ വികസനത്തിന്റെ നിലനിൽക്കുന്ന മാതൃകയാണെന്നും തിരിച്ചറിയുവാനുള്ള അവസരമായിരുന്നു ചണ്ഡീപ്രസാദ് ഭട്ടിന്റെ കൂടെ കഴിഞ്ഞ ദിവസങ്ങൾ നൽകിയത്. നിരന്തരം പഠിക്കുന്ന, സ്ലേറ്റുമായി പള്ളിക്കൂടത്തിൽ പോകുന്ന ഒരു കുട്ടിയുടെ ചിത്രം കാണിച്ചുകൊണ്ടാണ് അദ്ദേഹത്തിന്റെ സ്ലൈഡ് പ്രദർശനം അവസാനിക്കുന്നത്. തനിക്കു കിട്ടിയ മഗ്സസെ അവാർഡു തുകയും മറ്റു സമ്മാനങ്ങളും ഗ്രാമത്തിനായി സമർപ്പിക്കുകയാണ് അദ്ദേഹം ചെയ്തത്. ഇന്ദിരാഗാന്ധി വൃക്ഷമിത്രക്ക് തന്റെ പേർ ശുപാർശ ചെയ്തപ്പോൾ അദ്ദേഹം അത് നിരസിക്കുകയും 33 മഹിളാ മംഗൾദൾ പ്രവർത്തകർക്കായി നൽകണം എന്ന് നിർദ്ദേശിക്കുകയും ചെയ്തു. അവർ ഒന്നാകെ ദൽഹിയൽ പോയി അവാർഡ് സ്വീകരിക്കുകയാണ് ചെയ്തത്.